**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്ത് - 2006-07 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-2 -ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.2702/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 04/11/2013**

---

**പരാമർശം:-** 1) വൈത്തിരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 05/05/2011-ലെ എ 1-4965/09(2) നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 16/01/2012, 19/04/2012, 16/03/2013 തീയതികളിലെ എം3-14062/11 നമ്പർ കത്തുകൾ.

3) വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30/05/2013, 16/08/2013 തീയതികളിലെ കത്തുകൾ.

4) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 21/07/2011-ലെ LFPT3/9991/2011 നമ്പർ കത്ത്.

## ഉത്തരവ്

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2 പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 2,63,500/- രൂപ ഓഡിറ്റ് നിരാകരിച്ചിരുന്നു.

വൈത്തിരി ഗ്രാമപഞ്ചായത്തിൽ 2006-07 വർഷത്തിൽ നടപ്പാക്കിയ പദ്ധതി വഴി ക്ഷീര സംഘത്തിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ക്ഷീര കർഷകർക്ക് ശുദ്ധമായ പാൽ ഇവിടെ എത്തിക്കാനും വിതരണം ചെയ്യാനും സാധിക്കുന്നുണ്ടെന്നും ക്ഷീരോൽപാദക സഹകരണ സംഘത്തിന് വേണ്ടി നിർമ്മിച്ച കെട്ടിടം പൊതുജന നന്മയ്ക്കായി മാറ്റിയിട്ടുണ്ടെന്നും ആയതിനാൽ ടി ചെലവിന് സാധൂകരണം നൽകണമെന്നുമുള്ള 26/11/2010-ലെ ഗ്രാമപഞ്ചായത്ത്

കമ്മിറ്റിയുടെ 149(1)-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരമുള്ള പ്ഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടുകളിൽ ഏറ്റവും പിന്നോക്ക ജില്ലയായ വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിൽ ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിനും സുഗമമായി വിതരണം ചെയ്യുന്നതിനും വേണ്ടിയാണ് സഹകരണ സംഘത്തിന് കെട്ടിടം പണിതതെന്നും ഡിപിസിയിൽ അംഗീകാരം ലഭിച്ചിട്ടുള്ള പ്രോജക്ടാണെന്നും പ്ഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, പദ്ധതി നടപ്പിലാക്കിയതു വഴി ഉദ്ദേശ്യ ലക്ഷ്യം കൈവരിച്ചതിനാലും ഗ്രാമപഞ്ചായത്തിന് ധന നഷ്ടം ഉണ്ടായിട്ടുള്ളതായി പരാമർശങ്ങളില്ലാത്തതിനാലും ജനോപകാരപ്രദമായി നടപ്പിലാക്കിയ പദ്ധതിക്ക് വന്ന ചെലവ് സാധൂകരിച്ച നൽകുന്നതിൽ അപാകതയില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2-ൽ തടസ്സപ്പെടുത്തിയ 2,63,500/- ( രണ്ട് ലക്ഷത്തി അറുപത്തി മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാബീവി
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
സെക്രട്ടറി/പ്രസിഡന്റ്, വൈത്തിരി ഗ്രാമ പഞ്ചായത്ത്, വയനാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ